പതിമൂന്നാം കേരള നിയമസഭ
അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ **7193** 16/07/2012 ൽ മറുപടിയ്ക്ക്

## ഭൂമിയുടെ ഉടമസ്ഥാവകാശ ഡാറ്റാ ബാങ്ക്

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. എ. എ. അസീസ്: ശ്രീ. കോവൂർ കുഞ്ഞുമോൻ: | ശ്രീ. അടൂർ പ്രകാശ് (റവന്യൂവും കയറും വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാനത്തെ ഭൂമി സംബന്ധിച്ച ഉടമസ്ഥാവകാശ രേഖകൾ കമ്പ്യൂട്ടറൈസ് ചെയ്യുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ ഇതിന്റെ പ്രവർത്തനപുരോഗതി വ്യക്തമാക്കുമോ; ഇല്ലെങ്കിൽ ഇതിനായി നടപടി സ്വീകരിക്കുമോ ; | (എ) ഭൂമിയുടെ ഉടമസ്ഥാവകാശ രേഖകൾ കമ്പ്യൂട്ടറൈസ് ചെയ്യുന്നതിന് കേന്ദ്രസർക്കാരിന്റെ നാഷണൽ ലാന്റ് റെക്കോർഡ്സ് മോഡേണൈസേഷൻ പ്രോഗ്രാം എന്ന പദ്ധതിയുടെ ഭാഗമായി ReLIS എന്ന പേരിൽ റവന്യൂ ഡിപ്പാർട്ട്മെന്റിലെ ഐ.റ്റി.സെല്ലുകളുടെ സഹായത്തോടെ പാലക്കാട് ജില്ലയിലെ 17 വില്ലേജുകളിൽ നടപടികൾ നടന്നുവരികയാണ്. പ്രസ്തുത പദ്ധതി പ്രകാരം 9 ജില്ലകളിൽ റീസർവ്വേ കഴിഞ്ഞ 573 വില്ലേജുകളിലെ റിക്കാർഡുകളാണ് ആദ്യ ഘട്ടത്തിൽ കമ്പ്യൂട്ടറൈസ് ചെയ്യുന്നത്. പ്രസ്തുത വില്ലേജുകളിലെ അടിസ്ഥാന ഭൂനികുതി രജിസ്റ്ററിലെ രേഖകൾ അപ്ഡേറ്റ് ചെയ്ത് കമ്പ്യൂട്ടറൈസ് ചെയ്യുന്ന പ്രവർത്തനം പുരോഗമിച്ചു വരികയുമാണ്. |
| (ബി) ഭൂവുടമസ്ഥരുടെ ഫോട്ടോയടക്കമുള്ള വിവരങ്ങൾ ലഭ്യമാകുന്ന തരത്തിൽ ഡാറ്റാ ബാങ്ക് തയ്യാറാക്കാൻ നടപടി സ്വീകരിക്കുമോ; | (ബി) ഭൂഉടമസ്ഥരുടെ ഫോട്ടോയടക്കമുള്ള വിവരങ്ങൾ ലഭ്യമാകുന്ന തരത്തിലുള്ള ഒരു പുതിയ പദ്ധതി 'യുണിക് തണ്ടപ്പേർ നമ്പർ കാർഡ്' എന്നത് സർക്കാരിന്റെ പരിഗണനയിലാണ്. |
| (സി) ഓരോ പൗരനും സംസ്ഥാനത്ത് ഏതൊക്കെ വില്ലേജുകളിൽ എത്ര സെന്റ് ഭൂമി ഉണ്ടെന്ന വിവരം വില്ലേജ് ഓഫീസുകളിൽ ലഭ്യമാക്കുന്നതിനും ഉടമസ്ഥർക്ക് ഭൂമിയുടെ കരം ഏത് വില്ലേജ് ഓഫീസിലും ഒടുക്കുന്നതിനുമുള്ള നടപടികൾ സ്വീകരിക്കുമോ എന്ന് വ്യക്തമാക്കുമോ ? | (സി) ലാന്റ് റിക്കാർഡുകളുടെ കമ്പ്യൂട്ടറൈസേഷൻ പൂർത്തിയാകുമ്പോൾ സംസ്ഥാനത്തെ ഓരോ പൗരനും ഏതൊക്കെ വില്ലേജുകളിൽ എത്ര ഭൂമി ഉണ്ടെന്ന വിവരം കൃത്യമായും ലഭിക്കുന്നതാണ്. ഭൂഉടമയ്ക്ക് എപ്പോഴും, എവിടെ നിന്നും കരം ഒടുക്കുവാനുള്ള സംവിധാനമാണ് ആത്യന്തികമായി ഈ പദ്ധതി വിഭാവനം ചെയ്യുന്നത്. 'ഓൺലൈൻ പേമെന്റ് ഗേറ്റ്വേ' എന്ന സംവിധാനം സംസ്ഥാനത്തൊട്ടാകെ നിലവിൽ വരുന്നതോടെ ഇതു സാധ്യമാകുന്നതാണ്. |

സെക്ഷൻ ഓഫീസർ